പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1868 — 18/06/2012 - ൽ മറുപടിയ്ക്ക്

## ജയിൽ നിയമങ്ങളുടെ പരിഷ്ക്കരണം

ചോദ്യം

ശ്രീ. വി.ഡി. സതീശൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ. ഷാഫി പറമ്പിൽ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; | (ബി) സംസ്ഥാനത്തെ തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡിയും അതിലുപരി അവരുടെ സ്വഭാവ ദൂഷ്യങ്ങൾ നീക്കം ചെയ്യുന്നതിനും ക്ഷേമത്തിനും പുനരധിവാസത്തിനും പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (സി) ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി പരിഷ്ക്കരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) ഇക്കാര്യം പരിശോധനയിലാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. സി.സി.റ്റി.വി. സംവിധാനം തിരുവനന്തപുരം, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിൽ സ്ഥാപിച്ചു |

| | |
|---|---|
| | കഴിഞ്ഞു. കണ്ണൂർ സെൻട്രൽ ജയിലിൽ ടെലി മെഡിസിൻ നടപ്പിലാക്കുന്നതിന് സിഡാക്കിനെ ചുമതലപ്പെടുത്തി പണിയാരംഭിച്ചിരിക്കുന്നു. ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ, തിരുവനന്തപുരം ജില്ലാ ജയിൽ, തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ , ജയിൽ ആസ്ഥാന കാര്യാലയം എന്നിവിടങ്ങളിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജോലി കെൽട്രോൺ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ